**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന തുക ഭക്ഷ്യവസ്തുക്കളുടെ വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വിപണിയിലെ വിലനിലവാരത്തിന് അനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുവാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ അദ്ധ്യാപകർക്ക് തുക വിതരണം ചെയ്യാനുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 2023 നവംബർ, ഡിസംബർ മാസങ്ങളിലെ പദ്ധതി നടത്തിപ്പിനത്തിൽ 65.82 കോടി രൂപ സ്കൂളുകൾക്ക് വിതരണം ചെയ്യാനുണ്ട്. |
| (ഡി) | പ്രസ്തുത ഇനത്തിൽ കുടിശ്ശികയായ തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര -സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09.01.2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31 നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ